For Private Circulation Only

December 2021

ആഗമനാരുണൻ

Vol.68

" പ്രസാദകാലത്തു ഞാൻ നിനക്കു ഉത്തരം അരുളി. രക്ഷാ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു " (2കൊരി. 6:2)

No.12

ക്രിസ്തുവാകട്ടെ നമ്മുടെ ജീവിതം

By Charles H.Spurgeon (1834-1892)

കർത്താവു നമ്മെ ആക്കിയിരിക്കുന്നതു നാം അവനെപ്പോലെ ആയിതീരുവാൻ വേണ്ടിയാണ്. യേശുക്രിസ്തുവിന്റെ മനുഷ്യാവതരണ സമയത്തു മനുഷ്യ ജീവിതത്തിൽ ദൈവത്തിന്റെ ഏകീഭാവം സംഭവിച്ചതുപോലെ വീണ്ടും ജനനസമയത്ത് ഒരുവന്റെ മനുഷ്യത്വം ദൈവത്വത്തിൽ കൂടി കലരുകയാണു സംഭവിക്കുന്നത്. പരിശുദ്ധാത്മാവും ഒരു വിശ്വാസിയിൽ ഒരു പുതിയ സ്വഭാവം സൃഷ്ടിക്കുമ്പോൾ അവൻ ഒരു പുതിയ വാതിൽ തുറന്നു കൊടുക്കുകയാണ് ജീവിതത്തിൽ. കാലഘട്ടങ്ങളിൽ കൂടി ഇങ്ങനെ യേശുക്രിസ്തു ക്രിസ്ത്യാനികളിൽ ജൈവമായ കൂട്ടായ്മ നടത്തിവരികയാണ്. ക്രിസ്തുവും ക്രിസ്ത്യാനികളും അങ്ങനെ പുറമേ കാണുമ്പോൾ തന്നെ ഒന്നാണ്. വാഴ്ത്തപ്പെട്ട ക്രിസ്തു ജീവിക്കുന്നതു നമ്മുടെ ജീവിതങ്ങളിൽ അവന്റെ വിജയവും, സന്തോഷവും, വിശുദ്ധ ജീവിതവും നമ്മളിൽ ദാനം ചെയ്യുന്നതിനുവേണ്ടിയാണ്.

ഒരുവൻ ക്രിസ്ത്യാനിയായിതീരുക എന്നതുകൊണ്ടു ഉദ്ദേശിക്കുന്നതു മഹത്വപ്പെട്ട ക്രിസ്തു നമ്മളിൽ പൂർണ്ണമായിട്ടു ജീവിക്കുകയും ആ ക്രിസ്തുവിന്റെ പരിപൂർണ്ണമായ സാന്നിദ്ധ്യവും ഉടമസ്ഥാവകാശവും ശക്തിയും നമ്മളിൽ കൂടി മറ്റുള്ളവർക്കു വെളിപ്പെടുത്തികൊടുക്കുക എന്നുള്ളതാണ്. അങ്ങനെ നമ്മുടെ ജീവിതങ്ങളിൽ ആ കർത്താവിന്റെ പൂർണ്ണത്വം വെളിപ്പെടേണ്ടിയിരിക്കുന്നു. അതെ ഒരു ക്രിസ്ത്യാനി കർത്താവിന്റെ തനതായ വ്യക്തിത്വം ലോകത്തിൽ വെളിപ്പെടുത്തേണം. അപ്പോസ്തലനായ പൗലൊസ് പറയുന്നതിപോലെ, "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു " (ഫിലി. 1:21). ഒരു ക്രിസ്ത്യാനി ആയതീരുക എന്നാൽ ക്രിസ്തുവിനെ പോലെ എല്ലാ തലങ്ങളിലും, എല്ലാ തരത്തിലും ആയിതീരുക എന്നതാണ്. ദൈവത്തിൽ നിന്നുള്ള വിത്തു നമ്മുടെ ആത്മാവിന്റെ ആഴത്തിൽ വിതയ്ക്കപ്പെടുകയും അവിടുന്നു അതു വളർന്നു ക്രിസ് തുവിന്റെ പരിപൂർണ്ണ ജീവിതവുമായിട്ടും ഒരു ദൃഢ നിശ്ചയത്വം ഉള്ളതായിതീരണം. ഒരു ക്രിസ്ത്യാനി ആയിതീരുക എന്നാൽ ക്രിസ്തു നമ്മുടെ ജീവിതത്തിൽ എല്ലായ്പ്പോഴും മനസ്സിലും, ഹൃദയത്തിലും, ഇച്ഛകളിൽ, അങ്ങനെ ക്രിസ്തു നമ്മളിൽ കൂടി ചിന്തിക്കേണം, നമ്മളിൽ കൂടി സ്നേഹിക്കേണം, നമ്മളിൽ കൂടി എല്ലാം എല്ലാം ആയിതീരണം. നാളുകൾ കഴിയുന്തോറും വളർച്ചയുടെ ഓരോ ഘട്ടത്തിലും ക്രിസ്തു ഇല്ലാതെയുള്ള ഒരു ജീവിതം അല്ല നമ്മൾക്ക് ആവശ്യം. എന്നാൽ ക്രിസ്തുവിന്റെ ജീവിതം നമ്മളിൽ നിറയപ്പെടുവാനും യാതൊരു പരിധിയും ഇല്ലാതെ അതു അങ്ങനെ സദാകാലവും വളർന്നു കൊണ്ടേയിരിക്കണം.

എന്നാൽ ഇന്ന് ഞാൻ ആധുനിക നിക്കോമോദിസിനെയാണ് കാണുന്നത്. ഇത് എങ്ങനെ ആയിതീരും? എങ്ങനെയാണ് ഇതുപോലെ ഒരു ജീവിതം എനിക്കു നയിക്കുവാൻ എന്റെ ഭവനത്തിൽ കഴിയുന്നത്? ഒരു സ്നേഹവും പരിഗണനയും എന്റെ ഭവനത്തിൽ നിന്നു എനിക്കു കിട്ടുന്നില്ല. ഒരു സഹായം എനിക്കു ലഭിക്കുന്നില്ല. എന്നും നിന്ദകളും പീഢകളുമാണ് കിട്ടുന്നത്. പാപവും പരാജയപ്പെട്ടതുമായ ജീവിതത്തിൽ നിന്നു വേറെ എവിടെ നിന്നാണു എനിക്കു ഒരു വിമോചനം ലഭിക്കുന്നത്? ആരും ഉച്ചരിക്കുവാൻ ധൈര്യപ്പെടാത്തതു, ഭീതിപ്പെടുന്നതുമായ ക്രിസ്തീയ ജീവിതം എങ്ങനെയാണ് എനിക്കു സാധ്യമായിതീരുന്നതു, എന്റെ സാമൂഹ്യ ജീവിതത്തിൽ ക്രിസ്തു കേന്ദ്രീകൃത ജീവിതം എങ്ങനെയാണ് നയിക്കുവാൻ കഴിയന്നത്. സമൂഹത്തിൽ മറ്റുള്ളവർ എന്നെ ഏതു നിലയിലാണ് കാണുന്നത്? എങ്ങനെയാണ് ആത്മ നിറവിൽ ഉള്ള ജീവിതം എനിക്കു നയിക്കുവാൻ കഴിയുന്നത്? എല്ലാ പാപത്തിന്റെ വ്യാപാരങ്ങളും ജഡത്തിൽ കൊടികുത്തി വാഴുന്ന മനുഷ്യരുടെ സമൂഹത്തിൽ എല്ലാം തിന്മകളുടെയും മൂർത്തിഭാവം അതിന്റെ അത്യുന്നത ശൃംഖത്തിൽ വാണരുളുന്ന സമയത്ത് ഇതു എങ്ങനെയാണ് എനിക്കു സാധിക്കുന്നത്? എങ്ങനെയാണ് എന്നെപ്പോലെയുള്ള ഒരുവനു ലോകമോഹങ്ങളിൽ മുഴുകി ജീവിച്ചവനു പള്ളിയിൽ വന്നിട്ട് സഭയുടെ ഉപദേശപ്രകാരം ജീവിക്കുവാൻ സാധിക്കുന്നതു, ആത്മീകതയെ ഊട്ടി വളർത്തപ്പെടുവാനുമുള്ള ശക്തി എങ്ങനെയാണ് സ്വീകാര്യമായി തീരുന്നത്?

മുന്തിരിചെടിയും ശാഖകളും

ക്രിസ്തുവിൽ നമ്മൾ സ്വർഗ്ഗീയ അവസ്ഥയിലായിരിക്കുന്നതുപോലെ ക്രിസ്തു നമ്മളിൽ ഈ ഭൂമിയിലുമായിരിക്കുന്നു. ക്രിസ്തു നമ്മളിൽ ഉള്ളതു കൊണ്ട് എവിടെയും നമ്മൾക്ക് ജീവിക്കുവാൻ കഴിയും. ഇതു തന്നെയാണ് കർത്താവ് നമ്മളിൽ നിന്നു ആഗ്രഹിക്കുന്നതും. യേശു തന്റെ ശിഷ്യന്മാരുമായിട്ടുള്ള അവസാനത്തെ സംഭാഷണത്തിൽ ഈ സത്യം താൻ വെളിപ്പെടുത്തുകയുണ്ടായി. അവൻ അവരോടു പറഞ്ഞും താൻ അവരെ വിട്ടു പോകുകയാണെന്നു അപ്പോൾ അവർ ചിന്തിച്ചത് ഗുരു ഇല്ലാതെ എങ്ങനെയാണ് ശരിയായ ശിഷ്യന്മാരായി ഈ ഭൂമിയിൽ ആയിതീരുവാൻ കഴിയുമെന്നുള്ളത്. വേദനകൾ ഏറെ ഉണ്ടായ അവന്റെ ഈ അവസാന വാക്കുകളിൽ തന്റെ ശിഷ്യന്മാരെ അവൻ ആശ്വസിപ്പിക്കുകയാണ്. അവിടുത്തെ വാഗ്ദത്തങ്ങളിൽ കൂടി തന്റെ വലിയ ഒരു സാന്നിദ്ധ്യം അവരോടുകൂടെ എല്ലാ സമയത്തും ആത്മാവിൽ കൂടി ഉണ്ടായിരിക്കുമെന്നു (കർത്താ

(ശേഷം 4-ാംപേജിൽ)

എങ്ങനെയാണ് ആത്മീക പുരോഗതി സംഭവിക്കുന്നത്

By A.W.Tozer (1897 - 1963)

ക്രിസ്ത്യാനികളുടെ അലംഭാവം/ആത്മ സംതൃപ്തി ക്രിസ്ത്യാനികൾക്ക് അപവാദം/അപമാനം ആകുന്നു.

സമയം വളരെ കുറച്ച് മാത്രമേയുള്ളൂ. എന്നാൽ നിത്യത അനന്തമാണ്. എല്ലാറ്റിന്റെയും അവസാനം അടുത്തിരിക്കുകയാണ്. സർവ്വകൃപാലുവായ ദൈവം മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ച് ആക്കിയിരിക്കുമ്പോൾ ധാർമ്മിക അധ:പതനത്തിൽ തകർന്നിരിക്കുകയാണു മനുഷ്യൻ. അവൻ വളരെ തമാശരൂപേണ കാര്യങ്ങൾ പ്രവർത്തിച്ച് മുന്നോട്ടു പോകുകയാണ്. ദൈവീക ഉദ്ദേശ്യത്തോടെയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചതെന്നുള്ള അറിവു കൂടാതെ ദൈവത്തെ മറുന്നു ജീവിക്കുന്നു. അങ്ങനെയുള്ള ഈ മനുഷ്യന്റെ ഓട്ടം അത് അവനെ കാത്തിരിക്കുന്ന നരകത്തിലേയ്ക്കു എത്തിച്ചേർക്കുന്നു.

ഇതിന് ഇടയിൽ ഭൂമിയിൽ ജീവിക്കുന്ന ഒരു കൂട്ടം ആൾക്കാർ സ്വയം അവകാശപ്പെടുന്നത് അവരുടെ എല്ലാ പ്രശ്നങ്ങൾക്കു സ്വയമായിട്ട് അവർ തന്നെ ഉത്തരം/ മറുപടി കണ്ടെത്തിയിരിക്കുകയാണെന്ന്. അവർ അവകാശപ്പെടുകയാണ് ദൈവത്തിങ്കലേയ്ക്കു മടങ്ങിവരുമ്പോൾ, പാപങ്ങളിൽ നിന്നുള്ള വിടുതൽ ലഭിക്കുന്നു. വരുംകാലത്ത് അനന്തമായ കാലഘട്ടത്തിൽ ദൈവം സ്ഥാപിക്കുന്ന സ്വർഗ്ഗത്തിൽ വസിക്കാം എന്ന്.

ഇവരെയാണ് ക്രിസ്ത്യാനികൾ എന്നു വിളിക്കുന്നത്. അവർ അവകാശപ്പെടുന്നത് യേശുക്രിസ്തുവാണ് ദൈവം എന്നും അവൻ കൂടാതെ ദൈവം ഇല്ലെന്നുമാണ്. അവൻ മനുഷ്യാവതാരം എടുത്ത് നമ്മുടെ ഇടയിൽ പാർത്തു. അവർ വിളിച്ച് പറയുന്നത് യേശുവാണ് വഴിയും സത്യവും ജീവനും എന്ന് അവർ സാക്ഷ്യപ്പെടുത്തുന്നത് യേശു വിലാണ്. ജ്ഞാനം, നീതീകരണം, വിശുദ്ധീകരണം, വിമോചനം ലഭിക്കുന്നത്. അവർ വീണ്ടും ഉറപ്പിച്ച് പറയുന്നത്, അവിടുന്നാണ് അവർക്ക് പുനരുത്ഥാനവും ജീവനു വരുവാനുള്ള നിത്യതയ്ക്കായിട്ട് ഉള്ളതെന്ന്.

ഈ ദൈവമക്കൾക്ക് അറിയാം, അവരുടെ സങ്കുചിതമായ ഹൃദയത്തിലേയ്ക്കു പലതരത്തിലുള്ള പ്രലോഭനങ്ങളും ആശങ്കകളും എത്തിച്ചേരുമ്പോൾ കർത്താവ് അവർക്കായിട്ട് ഒരുക്കിവച്ചിട്ടുള്ള നന്മകളും സമ്പത്തും അവരുടെ ദൃഷ്ടികളിൽ കാണുകയും ക്രിസ്തുവിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഇന്ന് ഭൂമിയിൽ ജീവനോടെ ജീവിക്കുന്ന വിശുദ്ധന്മാർ അവർ അവരുടെ മുൻഗാമികളുടെ വിശുദ്ധ ജീവിതങ്ങൾ ധ്യാനിക്കുകയും അവരൊക്കെ എപ്രകാരമാണ് വിശ്വാസത്തിനും വിശുദ്ധിയ്ക്കും വേണ്ടിയും ജീവിച്ചതെന്നും കഷ്ടം, നിന്ദ നിറഞ്ഞ ഈ മരുഭൂമിപ്രയാണത്തിൽ അവരൊക്കെയും സകലതും ത്യജിച്ച് കർത്താവിനു വേണ്ടി അടരാടിയതെന്നും, അവരുടെയൊക്കെ സ്വർഗ്ഗീയ ദേശത്തേയ്ക്കുള്ള യാത്രകളിൽ യാതൊരു പ്രതിസന്ധികളും ഒരു പ്രശ്നം അല്ലാതായി അവർ കാണുകയും കർത്താവിനെ അല്പം പോലും വിട്ടുമാറാതെ അവ ന്റെ പാദസേവ ചെയ്തു ജീവിച്ച് ഒരു നല്ല നിത്യത പ്രാപിക്കുകയും ചെയ്തു. അവരുടെ

(ശേഷം 6-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിന്റെ വാത്സല്യനാമത്തിൽ എല്ലാ ആഗമനദൂതൻ വായനക്കാർക്കും യേശുക്രിസ്തുവിന്റെ നാമത്തി സ്നേഹ വന്ദനം.

നവംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

" സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കൊ. 2:10-16)

യേശുക്രിസ്തു കന്യകാജനനത്തിൽ കൂടെ മനുഷ്യനായി അവതരിച്ചുവെങ്കിലും താൻ മനുഷ്യാതീതനായിരുന്നു. സകലത്തിന്റെയും ഉടയവനും സൃഷ്ടിതാവുമായ ദൈവമാണ് ക്രിസ്തു. യേശുവിന്റെ ജനനം തുടങ്ങി മരണം വരിക്കുന്നതുവരെയും കഷ്ടതയുടെ പാതയിലൂടെ മാത്രമേ യേശു കടന്നു പോയിട്ടുള്ളൂ. സകല ധനത്തിന്റെയും കർത്താവായിരുന്നു എങ്കിലും ഒരു ദരിദ്ര കുടുംബത്തിലാണ് യേശു ജനിച്ചത്. ആ യേശു നിങ്ങളെ സ്നേഹിക്കുന്നു.

ഈ വർഷം ദൈവം നമ്മെ ഓരോരുത്തരെയും അത്ഭുതതരമായി കാത്തു സൂക്ഷിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ദേശത്തിന്റെ വിടുതലിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. കരയാം. ഈ ഇരുളടഞ്ഞ ലോകത്തെ പ്രകാശപൂരിതമാക്കുവാൻ ദൈവവുമായി കൂടുതൽ ബന്ധം പുലർത്താം. ആ ബന്ധം നമ്മെ മാത്രമല്ല മറ്റുള്ളവരെയും ധന്യരാക്കട്ടെ

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

എല്ലാ കാര്യങ്ങൾക്കുമായിട്ടു ദൈവത്തിങ്കലേയ്ക്കു നോക്കുക

By John Newton 1775

ഇന്നലെ ഞാൻ പ്രസംഗപീഠത്തിലേയ്ക്ക് പ്രവേശിച്ചതു വരൾച്ചയും ഹൃദയം നഷ്ടപ്പെട്ടവനുമായിട്ടാണ്. പ്രസംഗികുറിപ്പുകൾ വച്ചിരുന്നിട്ടും എനിക്ക് അത് വായ് തുറുന്നു അതിൽ നിന്നും ഒന്നും തന്നെ പ്രസംഗിക്കുവാൻ കഴിഞ്ഞില്ല. വീണ്ടും കഷ്ടിച്ച് ഒരു മിനിറ്റിനുശേഷം എന്റെ മനസ്സു പലതിൽ കൂടിയും പരതിയിട്ടു ഒന്നും കിട്ടാതെ വിവഷ്ണനായപ്പോൾ പെട്ടെന്നു എന്റെ മനസ്സിലേയ്ക്കു ഒരു ചിന്ത കടന്നു വരികയും അങ്ങനെ അപ്പോസ്തലനായ പൗലൊസും 2 തിമൊത്തിയോസിനു എഴുതിയ ലേഖനം ഒന്നാം അധ്യായം 12-ാം വാക്യം. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ വിശ്വസ്തൻ എന്നു ഉറെച്ചുമിരിക്കുന്നു. അങ്ങനെ ഞാൻ ഈ ഭാഗ്യപരീക്ഷയെ അഭിമുഖീകരിക്കുകയും, വേറെ യാതൊരു ഉറവിടങ്ങളും വഴികളും ഒന്നും ഇല്ലാതെ കേവലം കർത്താവിന്റെ ദയയും കരുണയിലും അവിടുത്തെ വിശ്വസ്തതയിലും മാത്രം പൂർണ്ണമായി ആശ്രയിച്ചു. തീർച്ചയായിട്ടു അതിനെക്കാൾ വലുതായെന്നതാണ് നമ്മൾ ആഗ്രഹിക്കുവാനുള്ളത്. ഇവിടെ എന്റെ വിഷയം എനിക്കായിട്ടു കർത്താവു തുറന്നു തന്നു. എന്നാൽ ഞാൻ അറിഞ്ഞിരുന്നില്ല. എനിക്ക് ഇത്രയും ശക്തമായിട്ടു ഒഴുക്കോടെ കൂടി വചനത്തിൽ നിന്നു ശുശ്രൂഷിക്കാമെന്നും.

താങ്കൾക്ക് അറിയാമോ ഞാൻ എന്തുകൊണ്ടാണ് ഇത്ര പറയുന്നതെന്ന്? അവന്റെ നന്മയുടെ ഒരു ഉദാഹരണമായിട്ടു താങ്കളെ ഞാൻ ധൈര്യപ്പെടുത്തുകയാണ്. നമ്മുടെ ശക്തിയായ കർത്താവിൽ പൂർണ്ണമായിട്ടു ആശ്രയിക്കുവാനും, നിങ്ങളുടെ ജീവിതങ്ങളിൽ ക്ഷീണം അനുഭവപ്പെടുമ്പോൾ നിരാശപ്പെട്ടുപോകാതെ ധൈര്യം പ്രാപിക്കുവാനും കാര്യക്ഷമത നഷ്ടപ്പെട്ടു എന്നു ചിന്തിക്കുമ്പോൾ കർത്താവും പുതിയ കൃപകൾ നല്കുമെന്നുള്ള അവബോധത്താൽ സ്വയം താങ്കൾ നിറയപ്പെടുവാൻ വേണ്ടിയാണിതു. കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്നു അറിയാവുന്നിടത്തോളം കാലം, നാം ഒരിക്കലും കൂടുതൽ സുരക്ഷിതരോ, കർത്താവിൽ നിന്നു അല്ലാതെ വേറെ ഒരിടത്തു നിന്നും ഒരിക്കലും സഹായം നമുക്ക് ലഭിക്കുകയോ ഇല്ല. പൗലൊസ് കർത്താവിൽ നിന്നു പഠിച്ച പാഠം ഇതു ആയിരുന്നു. തന്റെ ദാരിദ്ര്യത്തിലും ഒന്നുമില്ലായ്മകളിലും കർത്താവിൽ സന്തോഷിക്കുവാൻ കർത്താവിന്റെ അത്ഭുത ശക്തി തന്റെ മേൽ വീണിരുന്നു. കർത്താവിനു മഹത്വം ഉണ്ടാകാത്ത യാതൊരു കാര്യവും തനിക്കു ചെയ്വാൻ കഴിഞ്ഞിരുന്നില്ലെന്നുള്ളതാണ് വാസ്തവം.

ചിന്തിക്കുമ്പോൾ കാണാൻ കഴിയുന്നതു രക്ഷിക്കപ്പെട്ട നാൾമുതൽ കർത്താവിന്റെ വലിയ കൃപ ഒന്നു മാത്രം, ആദ്യം മുതൽ അവസാനം വരെയും നമ്മുടെ സ്വാഭാവികമായ എല്ലാ ചിന്തകൾക്കും അതീതമായിട്ടു ഇന്ദ്രിയജയം നേടിയിട്ടു എല്ലാം പരിത്യജിക്കപ്പെട്ടപ്പോഴും അതിൽ അഹങ്കരിക്കാതെയും വിശ്വസിക്കുവാൻ കഴിയാത്ത ചില ഓർമ്മകളിൽ കൂടി കടന്നു പോയപ്പോഴും, നിയമത്തിന്റെ ആവശേത്തിൽ നടന്നപ്പോഴും ഇതെല്ലാം പലപ്പോഴും നിരാശകളെയാണ് കാണിച്ചിരുന്നത്. നാം മനസ്സിൽ ചിന്തിച്ചപ്പോൾ എല്ലാം കൈവിട്ടു എന്നു കരുതിയ സമയങ്ങളിലും ഇനിയും ഒന്നു തന്നെ അവശേഷിക്കുന്നില്ല എന്നു നിനച്ച സമയങ്ങളിൽ, കർത്താവു പോലും ഉപേക്ഷിച്ചോ, അനുകൂലമല്ലേ എന്നു ഭാരപ്പെട്ടപ്പോൾ; എന്നാൽ വാസ്തവത്തിൽ ആത്മാവിലുണ്ടായ ദാരിദ്ര്യം വെളിപ്പെടുത്തുന്നത് നമുക്ക് കർത്താവിന്റെ കൃപയിലും വാഗ്ദത്തങ്ങളിലുമുള്ള താല്പര്യത്തെയാണ് സൂചിപ്പിക്കുന്നത്.

മിക്കപ്പോഴും ഞാൻ ആഗ്രഹിച്ചു പോയി നിങ്ങളെ സമാധാനത്തിന്റെയും പ്രത്യാശയുടെയും സുവിശേഷത്തിന്റെ സ്ഥിരതയ്ക്കു വേണ്ടിയുള്ള ഒരു ആയുധമായി തീർന്നിരുന്നുവെങ്കിൽ എന്ന്! അതിനായിട്ടു ഒരു തരത്തിൽ പരിശ്രമിച്ചിട്ടുമുണ്ട്. നിങ്ങൾക്കറിയാമോ എത്രയോ തവണ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നു യേശുവിന്റെ ശക്തിയെകുറിച്ചും അവന്റെ കൃപയെകുറി

(ശേഷം 6-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(1-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവാകട്ടെ നമ്മുടെ ജീവിതം

വിന്റെ ആ നാൾവരെയും സജീവമായ ഒരു ബന്ധം ശിഷ്യഗംത്തിനു ഉണ്ടായിരിക്കുമെന്നാണ്) ഉള്ള വാഗ്ദത്തമാണ് ശിഷ്യന്മാർക്കു അവിടുന്നു നല്കിയത്. ഇതേ ജീവിതം തന്നെയാണ് യഥാർത്ഥ മുന്തിരചെടിയായ തന്നിൽ കൂടി തന്റെ ശാഖകളായ നമ്മിലേക്ക് പകരുപ്പെടുന്നതും. “ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല” (യോഹ.15:5).

ഞാൻ അവനിൽ

മഹാപുരോഹിതനായ നമ്മുടെ യേശുക്രിസ്തുവിന്റെ വേദനാഭരിതമായ ആ അവസാന സമയത്തുള്ള പ്രാർത്ഥനയിൽ ശിഷ്യഗണത്തെ പിതാവായ ദൈവമുമ്പാകെ സമർപ്പിക്കുന്നതു വളരെ ചിന്തനീയമാണ്. “ നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിനു തന്നെ ”. പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചരിക്കൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു. നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവനിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തിയിരിക്കുന്നു (യോഹ. 17:23-26).

ഞാൻ അവരിൽ ഈ മൂന്നും വളരെ ലളിതകരവും അതേ സമയം വളരെ പ്രധാനപ്പെട്ടതുമായ വാക്കുകളിൽ കൂടെയാണ് യേശു തന്റെ പ്രാർത്ഥന അവസാനിപ്പിക്കുന്നതു. ഈ പ്രാർത്ഥനയിൽ അകത്തളങ്ങളിൽ മറഞ്ഞുകിടക്കുന്നതു, തന്റെ ശ്വാസത്തിൽ കൂടെ വരും നൂറ്റാണ്ടുകളിൽ തന്റെ ശിഷ്യന്മാരെകുറിച്ചുള്ള അവന്റെ ആഗ്രഹത്തെയും ദർശനത്തെയുമാണ് സൂചിപ്പിക്കുന്നത്, ഇപ്പോഴും അന്നത്തെ പോലെ തന്നേ, കർത്താവിന്റെ ആളികത്തുന്ന വലിയ ആഗ്രഹമാണ് ക്രിസ്ത്യാനികളിൽ കൂടി ലോകം യേശുക്രിസ്തുവിനെ കാണേണം എന്നും ഉള്ളത്.

ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നതു

അപ്പോസ്തനായ പൗലൊസിനു ലഭിച്ച വെളിപ്പാടിൻ പ്രകാരം തന്റെ അനുഭവത്തിന്റെ ഊടുംപാവും വച്ചുകൊണ്ടു മഹത്വീകരിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിലപ്പെട്ട സത്യങ്ങൾ താൻ പ്രഘോഷിക്കുന്നത് അവന്റെ പ്രസംഗങ്ങളിലും, അവന്റെ ദൗത്യ സേവനത്തിലുമെല്ലാം വെളിപ്പെടുത്തുന്ന സത്യം വളരെ വിലപ്പെട്ടതാണ്. തന്റെ വ്യക്തിപരമായ ആത്മീക ജീവിതത്തിന്റെ മൂർദ്ധന്യാവസ്ഥയെന്നുള്ളത് ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നത്രേ.

“ ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത് ” (ഗലാ. 2:20).

എനിക്കു ജീവിക്കുന്നതു ക്രിസ്തു (ഫിലി. 1:21).

ക്രിസ്തു എന്നിൽ ജീവിക്കുന്നു അതുകൊണ്ടു എനിക്കു ജീവിക്കുന്നതു ക്രിസ്തുവും ആകുന്നു. പൗലൊസിനു ഇതിനെക്കാൾ വലിയതൊന്നുമില്ല. പൗലൊസിന്റെ എല്ലാ ക്രിസ്തീയ ശുശ്രൂഷയിലും ജീവിതത്തിലുമെല്ലാം മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിന്റെ ജീവിതത്തെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നതു. തന്നേ സംബന്ധിച്ചു ജീവിതത്തിന്റെ ഏറ്റവും വലിയ പ്രാധാന്യമേറിയതു ഇതാണ്.

ക്രിസ്തു നിങ്ങളിൽ എന്നതായിരുന്നു പൗലൊസ് അപ്പോസ്തലന്റെ സഭകൾക്കുള്ള ലേഖനങ്ങളുടെ എല്ലാം ഹൃദയം എന്നു പറയാം. തന്റെ എല്ലാ പഠിപ്പിക്കലുകളിലും പ്രസംഗങ്ങളിലുമെല്ലാം അങ്ങനെയുള്ള ഒരു കാഹള ശബ്ദത്തിന്റെ മണിമുഴക്കമാണ് പ്രതിബിംബപ്പെട്ടിരിക്കുന്നത്. അതെല്ലാം താൻ വളരെ ശക്തമായ ഭാഷയിൽകൂടിയാണ് വായനക്കാരുടെ മുമ്പിൽ വെളിപ്പെടുത്തിയിരിക്കുന്നത്. “ അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയുവാൻ ദൈവത്തിനു ഇഷ്ടമായി. ആ മർമ്മം മഹത്വത്തിന്റെ പ്രത്യായായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുതന്നേ ” (കൊലൊ. 1:27).

ക്രിസ്തു നിങ്ങളിൽ

പൗലൊസിന്റെ ഏറ്റവും വലിയ ആഗ്രഹവും ഒരു ആവേശവുമാണ്, അത് അവന്റെ മിഷനറി പ്രവൃത്തനങ്ങളിൽ തെളിവാക്കപ്പെട്ടിരിക്കുന്നു. കർത്താവിന്റെ വേലയിൽ പൗലൊസ് വ്യത്യസ്തമായ രീതികൾ ചിലപ്പോൾ അവലംബിക്കപ്പെട്ടിരിക്കാം; അവൻ എല്ലാ മനുഷ്യർക്കു വേണ്ടിയും എല്ലാമായിരുന്നു. എന്നാൽ എല്ലാറ്റിന്റെയും അവസാനം (ലക്ഷ്യം) എല്ലാ കാര്യങ്ങളിലും ഒന്നു മാത്രമേ താൻ ഉയർത്തിപിടിച്ചിരുന്നുള്ളൂ. അതു ഇത്രമാത്രമേ ഉണ്ടായിരുന്നുള്ളൂ. ആരെല്ലാം തന്റെ ലേഖനങ്ങളിൽ കൂടിയും യേശുക്രിസ്തുവിനെ വായിച്ചു ഗ്രഹിക്കുന്നുവോ, അവരിൽ എല്ലാവരിലും യേശുക്രിസ്തു വളരേണം, യേശുക്രിസ്തു എല്ലാവരിലും ജീവിക്കണമെന്നാണ്.

“ ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നുവരായ എന്റെ കുഞ്ഞുങ്ങളെ ” (ഗലാ. 4:19).

ക്രിസ്ത്യാനികളായവർ യേശുക്രിസ്തുവിനെ അവരുടെ രക്ഷകനായിട്ടു സ്വീകരിക്കുകയും കർത്താവിനെ അവരുടെ കിരീടമായിട്ടു കരുതുകയും ചെയ്യണം. എന്നാൽ ഇവിടെ നമ്മൾ ഓർക്കേണ്ട വേറൊരു കാര്യവും കൂടി ഉണ്ട്. അതായതു ക്രിസ്തു നമ്മുടെ ജീവിതമായിട്ടു മാറുന്നതാണിതു. നമ്മൾ ചെയ്യുന്ന എല്ലാ പ്രവൃത്തികളും അതു നമ്മുടെ ജീവിതത്തെയാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ടു ക്രിസ്തു നമ്മളിൽ വാസ്തവമായിട്ടു ജീവിക്കുന്നുവെങ്കിൽ നമ്മുടെ പ്രവൃത്തികൾ ക്രിസ്തുവിനെയാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തീയ ജീവിതമെന്നതു കേവലം ഒരു മതം മാറ്റമല്ല. ഒരിക്കലും ദൈവ സേവാർത്ഥമുള്ള സമർപ്പണവുമല്ലാ പ്രത്യുത ഇതു തീർത്തും ക്രിസ്തുവിന്റെ ജീവിതം തന്നെ ആണ്. ക്രിസ്തുവാണ് നമ്മുടെ കേന്ദ്രബിന്ദു. ക്രിസ്തുവാണ് എല്ലാറ്റി

((ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ക്രിസ്തുവാകട്ടെ നമ്മുടെ ജീവിതം

ന്റെയും മദ്ധ്യത്തിൽ. പൗലൊസ് അപ്പോസ്തലൻ പറയുന്നതുപോലെ, " ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു " (കൊലൊ. 3:11).

" നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും " (കൊലൊ. 3:4).

ഒരു പരിപൂർണ്ണ ഏകത്വം സംജാതമാകുന്നു

ഒരു ക്രിസ്ത്യാനിയുടെ ആതാമീക ചരിത്രത്തെ രണ്ടു തരത്തിൽ ആവിഷ്ക്കരിക്കാം. നീ എന്നിലും ഞാൻ നിന്നിലും. ദൈവം അംഗീകരിച്ചിരിക്കുന്നത്, ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ സകല സ്വർഗ്ഗീയ മഹത്വത്തോടെയും അതുപോലെ വിശ്വാസി ഭൂമിയിൽ ആയിരിക്കുമ്പോൾ ഒരുപോലെ സ്വർഗ്ഗീയ അനുഭവത്തിലുമാണ്. ഇങ്ങനെ ക്രിസ്തുവും ഭൂമിയിലുമുള്ള വിശ്വാസിയും ഒന്നാകുന്നു. ക്രിസ്തു ഇല്ലാത്ത സഭ, തലയില്ലാത്ത ശരീരം മാത്രം ആണ്. ശരീരത്തിന്റെ പൂർണ്ണതയെന്നതു തലയും കൂടി വരുമ്പോഴാണ് അങ്ങനെയാണ് ശരീരമാകുന്നത്. " എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്നവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ് തിരിക്കുന്നു " (എഫെ. 1:23).

" അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു. എല്ലാവാഴ്ചെക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു " (കൊലൊ. 2:9,10).

" സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു " (എഫെ. 1:22, 23).

ദൈവം ഉദ്ദേശിച്ചതുപോലെ നമ്മളോടു അവിടുന്നു വ്യക്തമായി പറഞ്ഞിരിക്കുന്നതുമായ പരിപൂർണ്ണനായ ക്രിസ്തു തന്റെ മക്കളായ ക്രിസ്ത്യാനികളിൽ കൂടി പൂർണ്ണ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നുവോ? ഇതു ഒരു സംശയം തോന്നുമാറുക്കുന്ന ചിന്തയാണ് ഇവിടെ വളരെ നമ്മൾ അറിഞ്ഞിരിക്കേണ്ടതായ കാര്യം സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു മനുഷ്യാവതാരം എടുത്ത് വന്ന യേശുക്രിസ്തു ദൈവമക്കളായ തന്റെ ജനം ആയ നമ്മളിൽ കൂടി നമ്മുടെ ചുറ്റുമുള്ള സമൂഹത്തിലെ മനുഷ്യർ കാണേണം, നമ്മുടെ പ്രവർത്തികളിൽ കർത്താവും പ്രവൃത്തിക്കുന്നതായിട്ടും നമ്മുടെ സംസാരത്തിൽ കൂടി കർത്താവും സംസാരിക്കുന്നതായിട്ടു എല്ലാം; അന്നേരം ആണ് യേശുക്രിസ്തുവിന്റെ അവരോഹണത്തിന്റെയും, ക്രശുമരണത്തിന്റെയും യഥാർത്ഥ അർത്ഥം ലോകം ഗ്രഹിച്ചെടുക്കുന്നതു. അവനു ഒരു മനുഷ്യനിൽ കൂടി ജീവിക്കുവാൻ കഴിയും. അതെ ക്രിസ്തുവിന്റെ ജീവിതം അതിന്റെ പൂർണ്ണത ലോകം നമ്മിൽ കൂടി ദർശിക്കട്ടെ! അവർ ക്രിസ്തുയേശുവിൽ വിശ്വസിക്കുകയും, അവിടുത്തെ ദൈവസ്നേഹത്തിൽ നിമജ്ഞരായിത്തീരട്ടെ! ക്രിസ്തുവിൽ ഒന്നായിതീർന്നപ്പോൾ തന്നേയും മനുഷ്യ വ്യക്തിത്വങ്ങളേയാ നമ്മെ അവിടുത്തെ വളരെ മനോഹരമായ പാത്രമാക്കിതീർക്കുകയും വിശുദ്ധിയും കർത്താവിന്റെ മഹത്വം മങ്ങിപോകാതെ നല്ലവണ്ണം പ്രകാശിക്കുകയും സുതാര്യമാകുകയും ചെയ്യുന്നുവല്ലോ. ❖

(3-ാംപേജിന്റെ തുടർച്ച)

എല്ലാ കാര്യങ്ങൾക്കുമായിട്ട് ദൈവത്തിങ്കലേയ്ക്കു നോക്കുക

ച്ചും. നിങ്ങൾക്ക് സന്തോഷം ഉണ്ടാകുവാനായിട്ടു നിങ്ങൾ ഒന്നു ആഗ്രഹിച്ചിരുന്നില്ല. നിങ്ങളുടെ കണ്ണുകളെ നിങ്ങളുടെ വിമോചകനിൽ കൂടുതൽ നോക്കിയതെ ഉള്ളൂ. പരിശുദ്ധാത്മാവിന്റെ മഹത്വം കൂടുതൽ പ്രകാശിപ്പിക്കപ്പെടുകയും ചെയ്തു.

ഓ! അവനാണ് യഥാർത്ഥ രക്ഷകൻ! അവനു ശക്തിയുണ്ട്. അധികാരവും ദയയും ഉണ്ട് എല്ലാവരേയും രക്ഷിക്കുവാൻ. അവിടുന്ന് അവന്റെ വാഗ്ദത്തത്തിന്റെ വചനത്തെ നമുക്ക് നല്കിയിരിക്കുന്നു. നമ്മുടെ ആത്മവിശ്വാസത്തെ അവൻ വർദ്ധിപ്പിച്ചിരിക്കുകയാണ്. നല്ല ശുഭ ചിന്തകളും നല്ല ആഗ്രഹങ്ങളും നമുക്ക് നല്കി സന്തോഷകരമായിട്ട് നമ്മെ നടത്തുവാൻ അവൻ ശക്തനാണ്.

നമ്മൾ പറയുന്നതുപോലെ നമുക്ക് അവനിൽ ആശ്രയിക്കാം കനം കൂടിയതു കനം കുറഞ്ഞതു നമ്മുടെ ഉള്ളിൽ നിന്നു പുറത്തു നിന്നു ഉയർന്നു വന്നേക്കാവുന്ന എല്ലാ ധിക്കാരം/ എതിർപ്പുകളുടെ സ്വഭാവങ്ങൾ. എല്ലാം ശരിയാക്കി നമ്മെ മുമ്പോട്ടു ജയകരമായിട്ടു നടത്തുവാൻ കർത്താവിനു മാത്രമേ കഴിയുകയുള്ളൂ. അതിനാൽ അവനിൽ പൂർണ്ണമായിട്ടു ആശ്രയിക്കാം! അബ്രഹാമിനെ ഒരു മാതൃകയാക്കി നമുക്ക് സ്വീകരിക്കാം. അവൻ എല്ലാ പ്രതിസന്ധികളിൽ കൂടിയും കടന്നുപോയി. പല സാഹസികതകളിലും അവൻ ചെന്നു ചേർന്നു. ആശക്കെതിരായി ആശയോടു കർത്താവിൽ വിശ്വസിച്ചു. നിരാശകൾ പലപ്പോഴും തളം കെട്ടിയപ്പോൾ, അവൻ ഒന്നു അറിഞ്ഞിരുന്നു വാഗ്ദത്തം ചെയ്തവൻ അതു നിവർത്തീകരിക്കുവാൻ ശക്തനാണെന്ന്.

താങ്കളുടെ എല്ലാ പ്രശ്നങ്ങളും കർത്താവിന്റെ കരങ്ങളിലേയ്ക്ക് സമർപ്പിച്ചു കൊടുക്കുക. ആരൊക്കെ അവനെ അന്വേഷിക്കുന്നുണ്ടോ, അവർക്കുവേണ്ടി കർത്താവിന്റെ കൃപയുടെ പരമാധികാരം വെളിപ്പെടുത്തുന്നു. എല്ലാ നന്മയ്ക്കായിട്ടാണ് ഒരുപോലെ പ്രവർത്തിക്കുന്നത്. നമുക്ക് ആവശ്യമായതെല്ലാം അവൻ നല്കി തരുന്നു. ദോഷകരമായതൊന്നും അവൻ പ്രവർത്തിക്കുന്നില്ല.

നമുക്ക് സന്തോഷത്തോടെ അവന്റെ ക്രൂശു വഹിക്കാം. കാരണം നമ്മുടെ പൂർവ്വപിതാക്കന്മാർ നേരത്തെ അതു വഹിച്ചിരുന്നു. നിങ്ങൾ ക്ഷമയോടു കർത്താവിനോടു ആവശ്യപ്പെടുകയാണെങ്കിൽ അവിടുന്നു നല്കി തരും. എന്നാൽ നമ്മുടെ ഇച്ഛകളെ നമ്മൾ കീഴ്പ്പെടുത്തുന്നതുവരെയും വിജയം കൈവരിക്കുവാൻ സാധിക്കുകയും ഇല്ല.

അവിടുത്തെ ബലമുള്ള ചിറകിൻ കീഴിൽ നമുക്ക് അഭയം പ്രാപിക്കാം. അവന്റെ ശക്തിയിലും കരുതലിലും പൂർണ്ണമായിട്ടു ആശ്രയിക്കാം. അവനെ ഒരു വൈദ്യനായികണ്ടു കൊണ്ട് അവനിലേയ്ക്ക് നോക്കുക. നമ്മുടെ ഹൃദയത്തെ സൗഖ്യമാക്കുവാനും, പാപങ്ങളെ ക്ഷമിക്കുവാനും കഴിവുള്ള ഒരു വലിയ വൈദ്യൻ. അവന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ പൂർണ്ണമായിട്ടു മനസ്സുവയ്ക്കാം. ഹൃദയത്തിൽ ഉയരുന്ന എല്ലാ ദുർചിന്തകളെ തോല്പിക്കുവാൻ വേണ്ടി പോരാടുക. നിങ്ങൾക്ക് പാതകൾ കാണാൻ കഴിയാത്ത സമയങ്ങളിൽ വിശ്വസിക്കുക കർത്താവ് നിങ്ങളുടെ നായകനാണെന്നു. നിങ്ങളുടെ ഹൃദയങ്ങളെ ഭാരങ്ങൾ വേദനപ്പിക്കുമ്പോൾ മനസ്സിലാക്കുക, അവിടുന്നു നിങ്ങളുടെ പാതകൾ നന്നായി അറിയുന്നവനാണെന്നു. നിങ്ങൾ മുങ്ങിപ്പോകുവാൻ അവിടുന്നു സമ്മതിക്കുന്നില്ല. അവിടുന്നു ഒരു

(ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

എങ്ങനെയാണ് ആത്മീക പുരോഗതി സംഭവിക്കുന്നത്.

യൊക്കെ ഹൃദയങ്ങളിൽകൂടി പലതരത്തിലുള്ള ചിന്തകൾ കടന്നുപോയിട്ടുണ്ട്. വിശാല ലോകത്തിന്റെ പല സംഭവങ്ങളും അവനിൽ കടന്നുവന്നപ്പോൾ അവരുടെ ഈ ഭൂമിയിലെ ജീവിതം. അതു ലഘുവും നൈമിഷികവും ക്ഷണഭംഗുരവുംമാണെന്നു കണ്ടത്. അതുകൊണ്ട് അവർ ഒരു സാധാരണ ജീവിതമാണ് ആഗ്രഹിച്ചത്. അവർ പൊതുവെയുള്ളതു കീഴ് നടപ്പ് അനുസരിച്ചുള്ളതുമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. അവരുടെ ആ ജീവിത യാത്രകളിൽ ഹൃദയങ്ങളിൽ വളരെ അമൂല്യങ്ങളായ ദർശനങ്ങളും ആലോചനകളും കർത്താവിൽ നിന്നു പ്രാപിക്കുകയും അവരുടെ ജീവിത സായാഹ്നത്തിൽ അതാണ് അവരിൽ നിന്നു നമ്മൾ കേട്ടതും.

വിശുദ്ധ ജീവിതത്തിന്റെ വളർച്ചയിൽ അപര്യാപ്തവും പരിപൂർണ്ണമല്ലാത്തതുമായ അവസ്ഥയിൽ ഇങ്ങനെയുള്ള അലംഭാവത്തോടുകൂടിയ ജീവിതം നയിക്കുമ്പോൾ ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. അപവാദം പറച്ചിൽ സഭയുടെ കടിഞ്ഞൂൽ സന്തതിയാണ്. വിശുദ്ധ വേദവചനത്തിന്റെ മുഴുതുകയും ഈ ദുഷിച്ച പ്രവൃത്തിക്കെതിരാണ്. ആത്മ സംതൃപ്തിയെ കുറിച്ചാണ് പരിശുദ്ധാത്മാവ് സദാ പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് പോകാം ആത്മാവിന്റെ വചനത്തിൽ കൂടി. ഫിലിപ്യാ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വളരെ മഹത്വത്തോടെ പ്രബോധിപ്പിക്കുന്നത് നമ്മൾ അറിഞ്ഞിരിക്കണം. “എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും. ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ. എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും. നിങ്ങൾ പിന്നെയും എനിക്കു വേണ്ടി വിചാരിപ്പാൻ തുടങ്ങിയതിനാൽ ഞാൻ കർത്താവിൽ വളരെ സന്തോഷിച്ചു. മുമ്പേ തന്നേ നിങ്ങൾക്കു വിചാരമുണ്ടായിരുന്നു. എങ്കിലും അവസരം കിട്ടിയില്ല. ബുദ്ധിമുട്ടു നിമിത്തമല്ല ഞാൻ പറയുന്നതു: ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു. എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചതു നന്നായി” (ഫിലി. 4:7-14).

നമ്മൾ ഇത് അംഗീകരിക്കുന്നുവെങ്കിൽ, ഒരു സാധാരണ ദൈവപൈതലിന്റെ ആത്മാർത്ഥമായ ഒരു മനോഭാവമാണ് ഇതിനെ അംഗീകരിക്കാം. അങ്ങനെയെങ്കിൽ ഞാൻ ഒരു കാര്യം കാണാൻ ആഗ്രഹിക്കുന്നില്ല അതായത് ഇത്രയും വ്യത്യസ്തത ഉള്ളപ്പോൾ എങ്ങനെയാണ് നമ്മൾക്ക് സ്വയം നീതീകരിക്കുവാൻ കഴിയുന്നത്? ആത്മിക കാര്യങ്ങളോടുള്ള ബന്ധത്തിൽ? ക്രിസ്തുവിന്റെ ജീവിതത്തിന്റെ വളർച്ചയിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസം വരുത്തണമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതുകൊണ്ട് അവന് എന്താണ് നേട്ടം ഉണ്ടാകുന്നത്? ഇവിടെ ഇതാ ചില നിർദ്ദേശങ്ങൾ:

1. വെറും ദു:ഖകരമായ ആഗ്രഹങ്ങളെ ഒഴിവാക്കുക. ക്രൂര മുഖം കാട്ടി ജീവിതം അങ്ങനെ നയിക്കുക. എല്ലാ മനുഷ്യരും അവർ ആഗ്രഹിക്കുന്നതുപോലെ വിശുദ്ധർ ആണ് എന്നാൽ അവരുടെ ആഗ്രഹങ്ങൾ നിർബന്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

നിങ്ങളുടെ ജീവിതങ്ങളെ നശിപ്പിക്കുന്ന കാര്യാദികളെ ഒഴിവാക്കുക. ദശാംശം കൊടുക്കുവാൻ ആരംഭിക്കുക. കുടുംബ പ്രാർത്ഥന തുടങ്ങുക. നിങ്ങളുടെ കുടിശ്ശികകളും, കട ബാദ്ധ്യതയും നിങ്ങൾ കഴിയുന്നത്രയും വേഗത്തിൽ കൊടുത്തു തീർക്കുക. അല്ലാത്തവയ്ക്കു അടിയന്തരമായിട്ടു കടക്കാരുമായിട്ട് ചില ക്രമീകരണം ചെയ്യുക. നിങ്ങൾ കഴിയുന്നത്രയും നഷ്ടപരിഹാരം നടത്തുക. വചന ധ്യാനത്തിനും ദൈവീക ആലോചനകൾ ശ്രവിക്കുന്നതിനുമായിട്ട് സമയം വേർതിരിക്കുക. ദൈവീക പദ്ധതി നടക്കുവാൻ പൂർണ്ണമായി സമർപ്പിക്കുക. നിങ്ങൾ അത്ഭുതപ്പെടുകയും, സന്തോഷം പ്രാപിക്കുകയും ചെയ്യും.

2. ജീവിതത്തിൽ നിന്ന് ക്രിസ്തീയ സ്വഭാവത്തിനു വിരുദ്ധമായതെല്ലാം ഒഴിവാക്കുക. മറ്റു ക്രിസ്ത്യാനികൾ ഇതിനെക്കുറിച്ച് പശ്ചാത്തപ ഹൃദയം ഇല്ലാത്തവരായിരിക്കാം. പക്ഷേ ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നത് അവിടുത്തെ അടുക്കലേയ്ക്കു വന്നു പശ്ചാത്താപിക്കുവാനാണ്. മറ്റുള്ളവർക്ക് ആകാം നിങ്ങൾക്ക് പാടില്ല, ഈ വാചകം ഓർമ്മയിലിരിക്കട്ടെ. ആരെയും വിമർശിക്കുവാനോ പുച്ഛിക്കുവാനോ പോകരുത്, നല്ല വഴി അന്വേഷിച്ചുകണ്ടെത്തുക. തീർച്ചയായിട്ടു ദൈവം നിങ്ങളെ ആദരിക്കും.

3. കർത്താവ് തന്നെ ആയിരിക്കട്ടെ നിങ്ങളുടെ ഹൃദയത്തിന്റെ കേന്ദ്ര വിഷയവും അവനെ തുടർമാനമായി അന്വേഷിക്കുകയും ചെയ്യുക. ക്രിസ്തുവിൽ കൂടി മാത്രമേ നിങ്ങൾക്ക് ശരിയായ പൂർണ്ണത കണ്ടെത്തുവാൻ കഴിയുകയുള്ളൂ. അവനിൽ നിങ്ങൾ ഒന്നായി തീരുകയും ദൈവീക നായകത്വം വളരെ ചൈതന്യത്തോടെ നിങ്ങളുടെ മനസ്സിനെ ഉണർത്തുകയും ചെയ്യുന്നു. ക്രിസ്തുവിൽ കൂടി ദൈവികത്വത്തിന്റെ പൂർണ്ണത നമുക്ക് വെളിപ്പെടുന്നു. ദൈവീക ജ്ഞാനം ലോകത്തിലെ മറ്റെതിനെക്കാളും ശ്രേഷ്ഠമായി കരുതുക.

4. ഹൃദയത്തെ പരിശുദ്ധാത്മാവിന്റെ മുമ്പാകെ പൂർണ്ണമായിട്ട് തുറന്നുകൊടുക്കട്ടെ അവിടുത്തെ ആത്മാവനാൽ നിറയട്ടെ! അവൻ അതു ചെയ്യും. ദൈവവചനത്തെ നിങ്ങൾക്കുവേണ്ടി ആ തെറ്റായി വ്യാഖ്യാനിക്കുവാൻ അനുവാദം കൊടുക്കരുത്. ഓരോരുത്തരും ആഗ്രഹിക്കുന്ന അത്രയും നിറവിൽ ദൈവം പരിശുദ്ധാത്മാവിനെ നല്കുന്നു. ഹൃദയത്തെ ശൂന്യം ആക്കി ദൈവസന്നിധിയിലേക്കു നാം കടന്നു വരുമ്പോൾ പരിശുദ്ധാത്മാവ് നമ്മിലേക്കു പകരപ്പെടുകയും നിറവുണ്ടാകുകയും ചെയ്യും.

വിശുദ്ധ വേദവചനത്തിലോ ദൈവമക്കളുടെ ജീവിതങ്ങളിലോ ഇതുവരെയും എവിടെയും കാണുന്നില്ല. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയും നിറവും അവരുടെ വ്യക്തമായ അറിവു കൂടാതെയും ബോധം ഇല്ലാതെയും അല്ല എന്ന്. അതുപോലെ ആരും ക്രമേണയായിട്ടു ആത്മാവിനാൽ നിറയപ്പെട്ടതും.

5. നിങ്ങൾ കാര്യങ്ങൾ എല്ലാം ബുദ്ധിമുട്ടുള്ളതായി കാണുമ്പോൾ മറ്റുള്ളവർ അതെ രീതി

(ശേഷം 8-ാം പേജിൽ)

ഉണർന്നിരിപ്പിൻ

By J.C.Ryle (1816 - 1900)

" സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്കു എടുത്തുകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശ്യം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചു പേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ചു ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു: അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്കു ചെന്നു; വാതിൽ അടെക്കയും ചെയ്തു. അതിന്റെ ശേഷം മറ്റെ കന്യകമാരും വന്നു; കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിനു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ " (മത്താ. 25:11-13).

ഞാൻ എന്റെ ഭാഗം ഒന്നു സമർത്ഥിക്കുവാൻ വേണ്ടി പത്തു കന്യകമാരോടു ഉപമ ഇവിടെ കൊണ്ടുവരികയാണ്. എന്റെ എല്ലാ വായനക്കാരോടു ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. അതെ, ഞാൻ ചോദിക്കുവാൻ പോകുകയാണ്, താങ്കൾ തയ്യാറാണോ? യേശുക്രിസ്തുവിന്റെ വാക്കുകൾ ഓർക്കുക. മണവാളൻ വന്നു: ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യക്കു ചെന്നു. അവർ ഒരുങ്ങിയിരുന്നു. മറ്റുള്ളവർ അങ്ങനെ അല്ലായിരുന്നു. ഇവിടെ, ഇപ്പോൾ, ദൈവത്തിന്റെ കാഴ്ചപ്രകാരം ഞാൻ എല്ലാം എന്റെ വായനക്കാരോടു ചോദിക്കുകയാണ്, ഇതാണോ താങ്കളുടെ അവസ്ഥ? താങ്കൾ തയ്യാറാണോ?

ഞാൻ താങ്കൾ ഒരു സഭയിലെ അംഗമാണോ എന്നോ, മതത്തിന്റെ ഔദ്യോഗിക മണ്ഡലങ്ങളിൽ ഉള്ള .....എന്നു ചോദിക്കുവാൻ താല്പര്യപ്പെടുന്നില്ല. താങ്കൾ ഒരു മിനിസ്ട്രിയുടെ സുവിശേഷീകരണ വിഭാഗത്തിൽ പ്രവൃത്തിക്കുന്നുണ്ടോ സുവിശേഷീകരണ ദൗത്യത്തിൽ സജീവത്വം പുലർത്തുന്ന ആൾക്കാരെ പോലെയാണോ താങ്കൾ എന്നോ, സുവിശേഷീകരണ ദൗത്യം നിർവ്വഹണം കാര്യക്ഷമമായി എങ്ങനെ നടത്താം എന്നു പറഞ്ഞിരിക്കുന്ന പുസ്തകങ്ങൾ വായിക്കുന്ന ആളാണോ താങ്കൾ എന്നു ചോദിക്കുന്നില്ല. ഇതെല്ലാം ക്രിസ്ത്യാനിത്വം എന്ന വൃത്തത്തിൽ ഉള്ളപ്പെട്ടതാണ്. ഇതിന്റെയെല്ലാം ആകെ ചെലവു വളരെ തുച്ഛമാണ്. അനായാസേന അതു നേടാനും കഴിയും. ഞാൻ താങ്കളുടെ ഹൃദയത്തിന്റെ നിലവാരം വ്യക്തമായിട്ടു ഒന്നു അറിയുവാൻ ആണ് ആഗ്രഹിക്കുന്നതു, താങ്കളുടെ മനസ്സാക്ഷിയെ കുറെ ആഴത്തിൽ വെളിപ്പെടുത്തുവാനുമാണ് എന്റെ ഈ ഉദ്യമം. എനിക്ക് അറിയണം താങ്കൾ വീണ്ടും ജനനം പ്രാപിച്ച വ്യക്തിയാണോ എന്ന് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടോ? എനിക്കു അറിയുവാൻ ആഗ്രഹമുണ്ട് വിളക്കിനകത്തു എണ്ണയുണ്ടോ വിളക്കു തെളിയിച്ചു ഉണർന്നിരിക്കുന്ന താങ്കൾ ആവശ്യത്തിനുള്ള എണ്ണ കരുതിയിട്ടുണ്ടോ? താങ്കൾ മണവാളനെ എതിരേല്പാൻ ഒരുക്കത്തോടെയാണോ ഇപ്പോൾ? കർത്താവ് മണവാട്ടിയെ സ്വീകരിക്കുവാൻ മദ്ധ്യവാനിൽ വെളിപ്പെടുമ്പോൾ എനിക്കു അറിയുവാൻ ആഗ്രഹമുണ്ട് ഈ ആഴ്ചയിൽ കർത്താവു വരികയാണെങ്കിൽ തല ഉയർത്തി സന്തോഷത്തോടെ പറയുമോ, ഇതാ എന്റെ കർത്താവ് ഞാൻ അവനായി കാത്തു ഇരിക്കുകയായിരുന്നു. അതുകൊണ്ടു സന്തോഷിക്കാം. അവിടുന്ന് എന്നെ രക്ഷിക്കപ്പെടുത്തിയതിനാൽ ഇതൊക്ക ഞാൻ അറിയുവാൻ ആഗ്രഹിക്കുന്നു. ഇതൊക്കെയാണ് ഞാൻ നിങ്ങൾ തയ്യാറുള്ളവരാണോ എന്നു ചോദിച്ചപ്പോൾ ഉദ്ദേശിച്ചത്.

വചനത്തിന്റെ നിലവാരത്തിൽ

ഞാൻ വിശ്വസിക്കുന്നു ഇതാണ് വചനത്തിന്റെ നിലവാരം എന്ന്. ഞാൻ വിശ്വസിക്കുന്നു ഇങ്ങനെയുള്ള ഒരു നിലവാരം ആണ് പൗലൊസ് തെസ്സലോനിക്യരെ കുറിച്ച് പറയുന്നത്. അവർ ദൈവപുത്രന്റെ സ്വർഗ്ഗത്തിൽ നിന്നു വരവിനുവേണ്ടി കാത്തിരിക്കുന്നു എന്നു പറയുന്നത് (1 തെസ്സ. 1:10). വീണ്ടും കൊരിന്ത്യരെ കുറിച്ചു പറയുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത കാത്തിരിക്കുന്നു (1കൊരി. 1:7). തീർച്ചയായിട്ടു പത്രോസ് അപ്പോസ്തലനു ഇപ്രകാരമുള്ള നിലവാരത്തെകുറിച്ചാണ് പറഞ്ഞിരിക്കുന്നത്, " നിങ്ങൾ എത്ര വിശുദ്ധ ജീവനും ഭക്തിയും ഉള്ളവർ ആയിരിക്കേണം " (2 പത്രൊ. 3:12). ഞാൻ വിശ്വസിക്കുകയാണ് ഇത് ഒരു സൂചന ആയിട്ട് തന്നിരിക്കുകയാണ്. എല്ലാ ദൈവമക്കളും കർത്താവിനെ എതിരേല്പാൻ വേണ്ടി സദാസമയവും ഒരുക്കമുള്ളവരായിരിക്കേണം. ഈ ലക്ഷ്യത്തിൽ നിന്നു പുറകോട്ട് പോകരുത്. ദൈവീക നന്മകളുടെ അവകാശികളായവരിൽ ചിലർ ചില പ്രവർത്തികൾക്ക് കൂടുൽ സ്ഥാനം കൊടുക്കുകയും ബൈബിളിന്റെ പഠിപ്പിക്കലുകൾ അവഗണിക്കുകയും ചെയ്യുന്നത് ദൈവത്തിനു ഇഷ്ടമല്ല. ദൈവം വിലക്കിയിരിക്കുകയാണ്. സ്വർഗ്ഗീയ നന്മകളുടെ കൂട്ടവകാശിയും ഓഹരിക്കാരുമായ ഞാൻ എന്റെ ദൈവീക സമ്പത്തുകളെ തരംതാഴ്ത്തുന്നതു നിസ്സാരവല്ക്കരിക്കുന്നതു ശരിയല്ല. ഞാൻ അങ്ങനെ ചെയ്യുകയാണെങ്കിൽ എനിക്ക് എന്താണ് ശരിയെന്ന് ഉള്ളതും വിശുദ്ധ വേദവചനമാണ് എന്റെ വിശ്വാസത്തിന്റെ പ്രമാണം എന്നു പറയുവാൻ.

ഭൂമിയിലെ ഒരു മനുഷ്യനെയും തരം താഴ്ത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആരും സന്യാസി ആകുവാൻ ഞാൻ ആവശ്യപ്പെടുന്നില്ല. അവരുടെ പ്രവർത്തികളിൽ നിന്നു മാറുവാൻ പറയുന്നില്ല. ഭൂമിയിലെ കാര്യങ്ങളിൽ നിന്നു ഒഴിഞ്ഞുമാറുവാനോ, അവരുടെ നിയോഗത്തിൽ നിന്നു മാറുവാനോ ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ എന്റെ അവകാശവാദം എന്നത് കർത്താവിന്റെ മടങ്ങിവരവിനെ പ്രതീക്ഷിച്ചുകൊണ്ടു എല്ലാവരും ജീവിക്കണം എന്നുള്ളതാണ്. സുബോധമു

(ശേഷം 8-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

എങ്ങനെയാണ് ആത്മീക പുരോഗതി സംഭവിക്കുന്നത്.

യിൽ വീക്ഷിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ ക്രൂശു എടുത്തു യാത്ര ചെയ്യുക. ഒരിക്കലും മറ്റുള്ളവർക്കു കൊടുക്കരുത്. ദൈവസാന്നിദ്ധ്യത്താൽ സദാ സമയവും നിറയപ്പെടട്ടെ. നമ്മുടെ പ്രാർത്ഥന എളിമയിൽ കൂടി ത്രിയേക ദൈവത്തിന്റെ കൂട്ടായ്മ ഉണ്ടാകകുകയും ചെയ്യട്ടെ.

ഏതൊരു ദൈവപൈതലും ഇപ്രകാരം പ്രവർത്തിക്കുവാൻ ഒരുക്കപ്പെടുമ്പോൾ അവരിൽ ദ്രുതഗതിയിൽ ആത്മിക വളർച്ച വെളിപ്പെടുന്നു. ദൈവത്തെ നാം പിൻഗമിക്കുന്നതിനും, പിൻഗമിക്കാതെ ഇരിക്കുവാനും എല്ലാറ്റിനും ഓരോ ഓരോ കാരണങ്ങൾ ഉണ്ടെന്നു നാം അറിഞ്ഞിരിക്കണം. നമുക്ക് മുന്നോട്ടു തന്നെപോകാം. ❖

(5-ാംപേജിന്റെ തുടർച്ച)

എല്ലാ കാര്യങ്ങൾക്കുമായിട്ട് ദൈവത്തിങ്കലേയ്ക്കു നോക്കുക

ശുഭകാലം നിങ്ങൾക്കായിട്ടു കരുതിയിട്ടുണ്ട്. അങ്ങനെ താങ്കൾക്ക് മനസ്സിലാക്കുവാൻ കഴിയും. എല്ലാവരും നിങ്ങളെ കാണാതെ ഓടി മറഞ്ഞപ്പോൾ കർത്താവ് നിങ്ങളെ ഓർക്കുന്നുണ്ടായിരുന്നുവെന്നും, മറന്നു കളഞ്ഞില്ലായിരുന്നുവെന്നു അതിലെല്ലാം ഉപരിയായിട്ടു അവന്റെ കൃപാസനത്തോടെ അടുത്തു ചേർന്നു നില്ക്കാം. ❖

(7-ാംപേജിന്റെ തുടർച്ച)

ഉണർന്നിരിപ്പിൻ

ള്ളവനായിട്ടു ജീവിക്കുക, നീതിമാനും, വിശുദ്ധനുമായിരിക്കുക, ഈ ലോകത്തിൽ ദൈവപുരുഷനായിട്ടു ജീവിക്കണം ഒരു തീർത്ഥകനെപോലെയും അപരിചിതനെപോലെയും എല്ലായ്പ്പോഴും യേശുവിനെ നോക്കികൊണ്ടും ഒരു നല്ല ദാസനെപോലെയും അരമുറുക്കിയും വിളക്കു തെളിയിച്ചും നിക്ഷേപം സ്വർഗ്ഗത്തിൽ ഉള്ളവനെപ്പോലെ ജീവിച്ചും, ഹൃദയത്തെ ഉറപ്പിച്ചു യാത്രയ്ക്കായിട്ടു ഒരുങ്ങി ഇരിക്കുക. ഇതിനെയാണ് തയാറായി ഇരിക്കുക എന്നു പറയുന്നത്. ഇത് ഒരു ക്രമീകരണം ആണ്. ഇത് ഒരു വലിയ ഉദ്യമം ആണോ? പുച്ഛത്തോടെ ഞാൻ പറയുന്നില്ല.

ഉണർന്നിരിക്കുക എന്നുള്ളആഹ്വാനം

എന്റെ അവസാനത്തെ വാചകത്തിൽ എല്ലാ വിശ്വാസികളോടുമുള്ള ഒരു ആഹ്വാനമാണ് ഹൃദയങ്ങളിൽ കൃപയുടെ എണ്ണയുള്ളവർ, കുഞ്ഞാടിന്റെ രക്തത്തിൽ ശുദ്ധീകരണം പ്രാപിക്കപ്പെട്ട വരായിരിക്കണം. ഉപമയുടെ അവസാന ഭാഗത്തെ യേശുവിന്റെ ഉദ്ധരണികളെ ഇവിടെ ഞാൻ മുമ്പോട്ടു വയ്ക്കുന്നു. വളരെ ആത്മാർത്ഥതയോടു നിങ്ങളോടു പറയുകയാണ് ഉണർന്നിരിപ്പിൻ.

കർത്താവിന്റെ പ്രത്യക്ഷതയ്ക്കു തടസ്സം സൃഷ്ടിക്കുന്ന സകല കാര്യാദികളോടു വളരെ ജാഗ്രതയോടു എതിർത്തു നിൽക്കുക. ഹൃദയങ്ങളെ ആത്മ പരിശോധന നടത്തണം. കണ്ടുപിടിക്കുക കർത്താവും ആയിട്ടുള്ള കൂട്ടായ്മയെ തകർക്കുന്ന കാര്യാദികളെ (സൂര്യപ്രകാശം നിങ്ങളിൽ പതിക്കുന്നതിനു തടസ്സം നിൽക്കുന്ന മഞ്ഞ്). ഇത് എല്ലാം നമ്മൾ ഗൗരവമായിട്ടു കാണുന്നു. അത് നമ്മൾ അറിഞ്ഞിരിക്കണം. ഇതിനെയെല്ലാം എതിർത്തു നിന്നു കൊണ്ടു ജാഗ്രതയോടു ഉണർന്നിരിപ്പിൻ.

എല്ലാ നിലയിലുമുള്ള പാപത്തിനു എതിരായി നില്പാൻ ഉണർന്നിരിപ്പിൻ. ചിന്തിക്കുക, ഒരു തരത്തിലുമുള്ള പാപത്തെകുറിച്ചു യാതൊരു തരത്തിലും പറയാതിരിപ്പാൻ അങ്ങനെയുള്ള യാതൊരു പ്രവർത്തിയും ഞാൻ ഒരിക്കലും ചെയ്കയും ഇല്ലായെന്ന്. ഞാൻ പറയട്ടെ നമ്മൾക്ക് നന്മയുണ്ടാക്കുന്ന യാതൊരു പാപവും ഇല്ല. ഉരീയാവിനെയും ദാവീദിനെയും കുറിച്ചു ചിന്തിക്കുക. നമ്മുടെ ജഡം പലപ്പോഴും ബലഹീനം ആണെന്നുള്ള കാര്യം മറന്നു പോകരുത്. അതേ സമയം നമ്മൾ ശരീരത്തിലുമാണ്. **ഉണർന്നിരുന്നു പ്രാർത്ഥിക്കുക!** ആ കാലം എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾ വിൻ; ഉണർന്നു പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിനു ഉണർന്നിരിപ്പിൻ. ഞാൻ നിങ്ങളോടു പറയുന്നതോ എല്ലാവരോടും പറയുന്നു. ഉണർന്നിരിപ്പിൻ '' (മർ. 13:33,36,37).

ലോകത്തിലെ ക്രമം കെട്ട ജീവിതത്തിനെതിരായും ലോകമയത്വം ആയ ജീവിതത്തിനെതിരായും ഉണർന്നിരിപ്പിൻ. നാവിന്റെ വഷളത്വമായ സംസാരിത്തിനെതിരായും പാപത്തിന്റെ താല്ക്കാലിക ഭോഗത്തിനെതിരായും ഉണർന്നിരിപ്പിൻ. കർത്താവിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന കാര്യങ്ങൾ ഇവയാണ്. ഉള്ളിലെ സാക്ഷിയെ ധൈര്യമില്ലാതാക്കുന്നതു തളർത്തുന്നതു ഇതാണ്. **ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ**.

ജഡിക ജീവിതത്തിന് എതിരായി വചനപ്രകാരവും സ്വകാര്യ രഹസ്യ പ്രാർത്ഥനയിൽ കൂടിയും ഉണർന്നിരിപ്പിൻ. വളരെ ആത്മീകതയുള്ള യാതൊരു കാര്യങ്ങളും ഇല്ലാ നമ്മൾ എല്ലാം മനുശഷ്യരുടെ മുമ്പാകെ വിളങ്ങേണ്ടതിനായിട്ടു ചെയ്യുന്നു. മിക്കവാറും പിൻമാറ്റ ജീവിതം തുടങ്ങുവാൻ സമയമായി. ഒരു മരത്തിൻമേൽ കാറ്റു ശക്തമായി അടിക്കുമ്പോൾ, നമ്മൾ സാധാരണയായിട്ടു പറയാറുണ്ട് അതിന്റെ ഉള്ളിൽ കാതലായ രോഗം (ഉള്ളഴുകുന്ന) ബാധിച്ചിട്ടുണ്ട്. ഓ, **ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ!**

ദുരുപദേശം പഠിപ്പിക്കുന്നതിനെതിരായി ഉണർന്നിരിപ്പിൻ. ഓർക്കുക, സാത്താൻ വെളിച്ച ദൂതനായിട്ടു വെളിപ്പെടാം. ഓർക്കുക, ആവശ്യമില്ലാത്ത പൈസ ഒരിക്കലും അതിൽ തന്നെ മോശമായിട്ടു മാറുന്നില്ല. ക്രിസ്തുവിലുള്ള മുഴു സത്യത്തെകുറിച്ചു നമ്മൾ അസൂയ ഉള്ളവരായിരിക്കുക. സത്യത്തിന്റെ മൂല്യത്തിന്റെ രക്ഷയ്ക്കായിട്ടു ഒരിക്കലും തിന്മയുടെ ധാന്യമണി അതിൽ ചേർത്ത് കുഴയ്ക്കരുത്. ഒരിക്കലും ദുരുപദേശത്തിന്റെ ഒരു ചെറിയ കണികപോലും ജീവിതത്തിൽ പ്രവേശിക്കുവാൻ അവസരം കൊടുക്കരുത്. ഓ വായനക്കാര, ഈ മുന്നറിയിപ്പുകൾ ഓർക്കുക. **ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ!**

കയ്പായതിനെതിരായിട്ടും, കാരുണ്യമില്ലാത്തതു നിഷ്ഠൂര്യം ആയത് മറ്റുള്ളവരെ കുറിച്ചും നിങ്ങൾ ഉണർന്നിരിപ്പിൻ. ഒരു ചെറിയ സ്നേഹത്തിന്റെ കണി അനേകം .....ശ്രേഷ്ഠമാണ്. കൂട്ടുസഹോദരങ്ങളുടെ നന്മയെ കാണുവാൻ നമ്മൾക്ക് കഴുകന്റെ കാഴ്ചശക്തിയും തിന്മയെ കാണുവാൻ മങ്ങിയ കാഴ്ചയും ആകട്ടെ. നമ്മുടെ ഓർമ്മ ഒരു വലിയ പെട്ടിപോലെയാകട്ടെ. അവരെ അനുഗ്രഹിക്കുവാനും അവരുടെ തെറ്റുകളെ പാറ്റിപുറത്തുകളയുന്നതു ആയിതീരട്ടെ. **ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ**.

യെഹൂവിന്റെ ചെറിയ പാപത്തിനു ഏതിരായി ഉണർന്നിരിപ്പിൻ. നല്ല ഉത്സാഹിയായിട്ടു മുമ്പിൽ വരുമ്പോഴും ഉദ്ദേശ്യം തികച്ചും പാപത്തിന്റെതു. തെറ്റിനു എതിരായിട്ടു പ്രവർത്തിക്കേ ഒരു കാര്യ ആണ് ഇത്. സത്യത്തെ സ്നേഹിക്കുവാനുള്ള വളരെ പ്രധാനപ്പെട്ടതു ആണിത്.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975